
FLYING KITES
DIGITAL
MAGAZINE
2019
SJHSA, Adakkathode



# OUR PATRON: ST. JOSEPH



# OUR MANAGER
## REV. FR. JOHNY KUNNATH

# ആശംസ

അടയ്ക്കാത്തോട് സെന്റ് ജോസഫ്സ് ഹൈസ്കൂളിലെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റ്, അതിന്റെ ഒരുവർഷത്തെ പ്രവൃത്തനം പൂർത്തിയാക്കുന്ന ഈ വേളയിൽ ഒരു ഡിജിറ്റൽ മാഗസിൻ തയ്യാറാക്കി പുറത്തിറക്കുന്നതിൽ അതിയായ സന്തോഷം ഉണ്ട്. ഏറ്റവും ശ്ലാഘനീയമായ ഒരു ഉദ്യമമാണ് ഈ മാഗസീൻ എന്ന് ഞാൻ വിശ്വസിക്കുന്നു. ലിറ്റിൽ കൈറ്റ്സിന്റെ എല്ലാ അംഗങ്ങൾക്കും അവരുടെ പരിശീലന കാലയളവിൽ ലഭിച്ച എല്ലാ പ്രായോഗിക പ്രവർത്തനങ്ങളും കാര്യക്ഷമമായി വിനിമയം ചെയ്യാൻ സാധിക്കട്ടെയെന്ന് ആശംസിക്കുന്നു. ഒപ്പം ലിറ്റിൽ കൈറ്റ്സിന്റെ പ്രവർത്തനങ്ങളെ അഭിമാനപൂർവ്വം സ്മരിക്കുന്നു. പ്രവർത്തനങ്ങളുടെ ഭാഗമായി പുറത്തിറങ്ങുന്ന ഈ മാഗസീന് എല്ലാവിധ വിജയാശംസകളും നേരുന്നു.



**ശ്രീ. വർക്കി പി.ജെ.**
**ഹെഡ്മാസ്റ്റർ**

## _ആശംസ

അടയ്ക്കാത്തോട്,

സെന്റ് ജോസഫ് 'സ് ഹൈ സ്കൂളിലെ ലിറ്റിൽ കൈറ്റസ് കുട്ടികൾ ഒരു ഡിജിറ്റൽ മാഗസിൻ തയ്യാറാക്കുന്നു എന്നതിൽ എനക്ക് അതിയായ സന്തോഷമുണ്ട്.വിവര വിനിമയ സാങ്കേതിക രംഗത്തെ സ്കൂളിനുള്ള ഒരു കുതിപ്പാണ് ഇതെന്ന് നിസംശയം ഞാൻ പറയുന്നു.

ഇതിന് നേതൃത്ത്വം കൊടുക്കുന്ന ടീച്ചേർസിന് അഭിനന്ദനം അറിയിക്കുന്നതിനോടൊപ്പം ഐറ്റി മേഖലയിൽ കുട്ടികൾക്ക് വളരാനുള്ള നല്ലൊരു പ്രവൃത്തനം കൂടിയാണിതെന്ന് മനസ്സിലാക്കുവാൻ സധിച്ചതിൽ അതിയായ സന്തോഷിക്കുന്നു.എല്ലാ വിധ വിജായശംസകളും പിന്തുണയും ആശംസിച്ചുകൊണ്ട്



**സാബു പാറയ്ക്കൽ**

**പി.ടി.എ പ്രസിഡന്റ്**

# എഡിറ്റോറിയൽ



മാന്യരേ,

കേരളത്തിലെ പൊതുവിദ്യാലയങ്ങൾ, ലിറ്റിൽ കൈറ്റ്സ് ഐ.ടി ക്ലബിന്റെ നേതൃത്വത്തിൽ, ഡിജിറ്റൽ മാഗസിൻ തയാറാക്കി-
ക്കൊണ്ട് നവകേരള നിർമ്മിതിയിൽ പങ്കാളികളാവുകയാണല്ലോ. അടയ്ക്കാത്തോട് സെന്റ് ജോസഫ്സ് ഹൈസ്കൂളിലെ ഐ.ടി ക്ലബ്, വിദ്യാർത്ഥികളിൽ നിന്ന് സർഗാത്മക സൃഷ്ടികൾസ്വീകരിച്ചുകൊണ്ട്, "ഫ്ലൈയിംഗ് കൈറ്റ്സ്" എന്ന പേരിൽ, ഒരു ഡിജിറ്റൽ മാഗസിൻ തയ്യാറാക്കിയിരിക്കുകയാണ്. എഴുത്തിന്റെയും വായനയുടെയും പുതിയ ലോകത്തിലേക്കുള്ള ആദ്യ കാൽവെപ്പായി, ഈ ഡിജിറ്റൽ മാഗസിൻ സവിനയം സമർപ്പിക്കട്ടെ...............

സ്വീകരിച്ചാലും.

# എഡിറ്റോറിയൽ ബോർഡ്



## അംഗങ്ങൾ

ശ്രീ. സജി ആന്റണി
ശ്രീമതി. മിനി മാത്യു
ജിൻസ് എബ്രാഹാം
അജയ് ജോസഫ് ബിജു
ഗ്രേയ്സ് അന്ന ജോസഫ്
ഡോണ ഫിലിപ്പ്

# കോർത്തിടാം കരങ്ങൾ

ഓ തിത്തിതാരോ തിത്തിതെയ്യ്
തിത്തെയ് തകതെയ്യ്തെയ്യ് തോ
"കേരളം എന്ന സംസ്ഥാനം
ദൈവം തൻ സ്വന്തം
നാടായി കരുതുന്നു"
ശാന്ത സുന്ദരമാം ലോകത്തിൽ
പച്ചതൻ തനിമയാർന്ന 'കേരളം'
ലോകമാകെ ഭയത്തിലാഴ്ത്തി
വന്നു.....പ്രളയം
എങ്കിലും മനുഷ്യൻ തൻ
തനിമയാർന്ന കരുത്തുകാട്ടിടും
പരസ്പര ഐക്യം തുടരും
കേരളം നമ്മുടെ നാട്
സമ്പന്നർ ദരിദ്രർ ഒന്നുമില്ല
"നാം എല്ലാം ഒന്നായി
ഒരുമിച്ച് കൈ കോർത്തിടം.
നല്ല നാളേയ്ക്കായി"
{ഓതിത്തിതാരോ}

*Little kites , SJHS  Adakkathode*

# എന്റെ ഗ്രാമം

ശാന്തിഗിരി മേഖല ഒരു വനത്തിനോട് ചേർന്നാണ് കിടക്കുന്നത് . ഈ സുന്ദരപ്രദേശത്താണ് ഞാൻ താമസിക്കുന്നത് .പ്രകൃതിമാതാവിന്റെ അനുഗ്രഹം ഏറെ ചൊരിഞ്ഞ ഒരു പ്രദേശമാണിത് .മനുഷ്യന്റെ നിലനിൽപ്പിന്റെ അടിസ്ഥാനഘടകമായ ഓക്സിജൻ പുറംതള്ളുന്ന വൻവൃക്ഷങ്ങളുടെ കേന്ദ്രം കൂടിയാണിത് .വർഷങ്ങൾ പഴക്കമുള്ള മരങ്ങളാണ് ഇവയോരോന്നും .ഈ മരങ്ങളുടെ നിലനിൽപ്പുതന്നെയാണ് ഞങ്ങളുടെ ഗ്രാമത്തെ സംരക്ഷിക്കുന്നത് .ജീവിതത്തിലെ ഏത് ദു:ഖനിമിഷങ്ങളിലും എന്റെ ഗ്രാമത്തിന്റെ സൗന്ദര്യം എനിക്ക് പുതുണർവ്വ് സമ്മാനിക്കാറുണ്ട് .വംശനാശഭീഷിണി നേരിടുന്ന കുറച്ച് ജീവികളും സ്വസ്ഥമായി ഇവിടെ വിഹാരിക്കുന്നുണ്ട് .പല വർണ്ണങ്ങളിൽ പാറിനടക്കുന്ന ചിത്രശലഭങ്ങൾ ളുക്കണാം കുരിവികളുടെ സംഗീതം എന്നെ എന്നും രാവിലെ വിളിച്ചുണർത്താറുണ്ട് .പ്രകൃതി...ജീവന്റെ നിലനിൽപ്പിന് ഒഴിച്ചുകൂടാനാകാത്ത ഒരു ഘടകമാണ് .ദൈവം നമുക്ക് തന്ന ഈ പ്രകൃതി സൗന്ദര്യത്തെ നാം പലപ്പോഴും ആസ്വദിക്കാൻ മറന്ന് പോകും എന്നാൽ ഞാൻ എന്റെ പ്രകൃതിയെ ഏറെ സ്നേഹിക്കുന്നു .ഓരോ നിമിഷവും ഞാൻ എന്റെ അത് ആസ്വദിക്കുന്നു കാരണം അത് എന്റെ നാടിന്റെ സൗന്ദര്യമാണ് .

Amal SAJI 9A

*Little kites , SJHS Adakkathode*

# O.HENRY

O.Henry pseudonym of willian sydeny porter[1862-1910] was an American short story writer whose tales romanticized the life of ordinary people in New york city.His stories express the effect of coincidence on character through hamour ,grim or irony.They often have surprise endings which become identified with his name as the O.Henry twist

Akshara p.s 9a

# നവകേരള സൃഷ്ടിക്കായ് നമുക്ക് കൈകോർക്കാം.....

നവംബർ ഒന്ന് കേരളപ്പിറവി കേരളത്തിന്റെ പുനർജന്മമാണ് . വലിയ ഒരു അതിജീവനത്തിലൂടെയാണ് കേരളം ഈ പുനർജന്മം നേടിയത് .നാം ഓരോരുത്തരും കണ്ടും കേട്ടും അറിഞ്ഞു ഈ അതിജീവനത്തിന്റെ കഥ . പ്രളയം-കേരളത്തെ താഴ്ത്തിയ മഹാപ്രളയം.പ്രളയത്തേക്കാൾ വലുതായിരുന്ന കേരളീയരായ ഓരോ മലയാളിയുടെയും ഒത്തൊരുമയും ഐക്യവും. ഈ ഐക്യത്തെ പ്രളയത്തിന് തോൽപ്പിക്കാനായില്ല.....

നാം പ്രകൃതിയോട് കാണിച്ച ഓരോ ദുഷ്പ്രവർത്തികളുടേയും പകരം വീട്ടലായി ഈ പ്രളയത്തെ കാണുന്നതിൽ തെറ്റൊന്നുമില്ല .കാരണം നമ്മൾ പ്രകൃതിയെ പലവിധത്തിലാണ് വേദനിപ്പിച്ചത് .അത് എണ്ണിയാൽ തീരുന്നില്ല .പ്രകൃതിയെ നശിപ്പിക്കുകയാണ് നിങ്ങൾ ചെയ്യുന്നതെന്ന് ഓർമ്മിപ്പിക്കാനാണ് പ്രകൃതി ഈ മഹാപ്രളയത്തെ നമുക്ക് സമ്മാനിച്ചത്     കേരളത്തെ നാം വിശേഷിപ്പിക്കുന്നത് " ദൈവത്തിന്റെ സ്വന്തംനാട് " എന്നാണ് ഇങ്ങനെ വിശേഷിപ്പിക്കുന്നതിനെ തെറ്റ് പറയാനാവില്ല .  കാരണം,ദൈവം കനിഞ്ഞു നൽകിയതാണ് ഈ മനോഹാരിതയെ....
പക്ഷെ ആ തിരിച്ചടിയിൽ പതറാതെ നാം പിടിച്ചുനിന്നു കറുത്തവനെന്നോ  വെളുത്തവനെന്നോ ധനികനെന്നോ ദരിദ്രനെന്നോ നോക്കാതെ രക്ഷാപ്രവർത്തനത്തിൽ പങ്കുചേർന്നു.അതിൽ ഏറയും മൽസ്യത്തൊഴിലാളികളായിരുന്നു.ജീവൻ പണയം വച്ച് കടലിലേക്ക് ഇറങ്ങുന്ന കടലിന്റെ മക്കൾ.ആ മക്കൾ നമ്മുടേയും മാലഖമാരായ് ആരോഗ്യം പോലും നോക്കാതെ പലരും രക്ഷാപ്രവർത്തനത്തിൽ

കൈകോർത്തു.പലരുടെ പലരേയും കുറിച്ചുള്ള കാഴ്ച്ചപ്പാടുകൾ തന്നെ മാറ്റിമറിച്ചു. രാഷ്ട്രീയത്തിന്റെയും,മതത്തിന്റെയും,വർണ്ണത്തിന്റെയും വിവേചനമില്ലാതെ എല്ലാ മനുഷ്യരും ഒരു കുടക്കീഴിൽ ഒത്തു ചേർന്നു. നവകേരള സൃഷ്ടിക്കായി..മുതുമുത്തശൻമാരുടെ ഓണം ഒത്തൊരുമ - യുള്ളതായിരുന്നു. എന്നാൽ പുതുതലമുറ അതു സ്വീകരിച്ചില്ല. എന്നാൽ ഈ ഓണക്കാലത്തെ പ്രളയം നമ്മെഓർമിപ്പിച്ചത് "ഒരുപാത്രത്തിൽ ഉണ്ട് ഒരു ഒരു കുടക്കീഴിൽ "കഴിയുന്ന ഓർമ്മ സമ്മാനിച്ചു.

ഈ കേരളപിറവി ഐക്യത്തിന്റേതാണ് നമ്മുടെ വിയർപ്പിന്റെ തുള്ളി ഈ നവകേരളത്തിൽ നമുക്ക് കാണുവാൻ സാധിക്കും ഇനിയും ഒത്തിരി സൃഷ്ടിക്കാനുണ്ട് അതിനായി നമുക്ക് കൈകോർക്കാം......

അനശ്വര 10b

# ആരോഗ്യം

സഹൃദയരേ ആരോഗ്യം എന്ന വാക്കിന്റെ അർത്ഥമെന്താണ് ? രോഗമില്ലാത്ത അവസ്ഥ .മനുഷ്യന് അത്യാവശ്യമുള്ള സമ്പത്താണ് ആരോഗ്യം.ആരോഗ്യമില്ലാത്ത ജീവിതം നരഗതുല്യമാണ് . ആരോഗ്യപൂർണ്ണമായ ജീവിതമാണ് നാം എല്ലാം ആഗ്രഹിക്കുന്നതും, മറ്റുള്ളവർക്ക് ആശംസിക്കുന്നതും. ഒരു വ്യക്തിയുടെ വീട് ,നാട് ,ഗ്രാമം,പരിസരം എന്നിവയെല്ലാം ശുചീകരണത്തിന്റെ മേഖലകൾ വിപുലമാണ് .വ്യക്തി ശുചിത്വത്തോടൊപ്പം പരിസര ശുചിത്വത്തിനും കേരളിയർ പൊതുവെ മെച്ചമുള്ളവരാണെന്ന് പറയുന്നുണ്ട് .എന്നാൽ ഇന്ന് നമ്മുടെ വീടുകൾ ചെകുത്താന്റെ പടിപ്പുരയാണ് .ചപ്പുചവറുകൾ ഇടാനുള്ള കൊട്ട പലയിടത്തുമില്ല .ഇന്ന് നമ്മുടെ സർക്കാർ സ്ഥാപനങ്ങളിൽ പോലും ശുചീകരണം ഇല്ലാതെ വൃത്തിഹീനമാണ് .ഇങ്ങനെയൊരു സ്ഥിതിവിശേഷണം നൽകുന്ന സാഹചര്യത്തിൽ നാം ആരോഗ്യം എന്നതിനെക്കുറിച്ച് ചിന്തിക്കേണ്ടിയിരിക്കുന്നു.ഇങ്ങനെയെല്ലാവരും fast food ന്റെ പുറകെയുള്ള ഓട്ടപാച്ചിലാണ് .രോഗം വന്നിട്ട് ചികിത്സിക്കുന്നതിനേക്കാൾ നല്ലത് രോഗം വരാതെ കാക്കുന്നതാണ് . അതുകൊണ്ട് നമ്മുടെ ആരോഗ്യത്തെ കാത്തുസൂക്ഷിക്കാം . നമ്മുടെയു നാളെയുടെയും ജീവിതം ആരോഗ്യപൂർണ്ണമാകട്ടെയെന്ന്

ആത്മാർത്ഥമായ പ്രാർത്ഥനയോടെ എന്റെവാക്കുകൾ

ഉപസംഹരിക്കുന്നു .

നന്ദി ,നമസ്കാരം ,ജയ് ഹിന്ദ്

ഫെമിന 9A

# ജീവികളും കണ്ടുപിടുത്തവും

**1.**ആന : മൊബൈൽ ഫോൺ നമ്മുടെ കൈവശം എത്തും മുമ്പേ ആനകൾ ഈ വിദ്യ പ്രയോഗിച്ചിരുന്നു. ആനകളുടെ തലച്ചോറിലെ പ്രത്യേക ഭാഗത്തുള്ള പേശികൾ ചലിപ്പിച്ച് നമുക്ക് കേൾക്കാൻ പറ്റാത്ത ശബ്ദതരംഗങ്ങൾ പുറപ്പെടുവിച്ചാണ് അവ പരസ്പരം ആശയങ്ങൾ കൈമാറിയിരുന്നത്. കിലോമീറ്ററുകൾക്കപ്പുറം വരെ പരസ്പരം ആശയ വിനിമയം നടത്താൻ ഈവിദ്യകൊണ്ട് ആനകൾക്ക് കഴിയും.

**2.**ഇലക്ട്രിക്ക് ഈൽ : മനുഷ്യൻ കണ്ടുപിടിച്ച ഏറ്റവും വലിയ നേട്ടമാണ് വൈദ്യുതി. എന്നാൽ ഇലക്ട്രിക്ക് ഈൽ എന്ന മത്സ്യത്തിന് വൈദ്യുതി വിദ്യ നേരത്തെ തന്നെ അറിയാമായിരുന്നു. നാം വീട്ടിൽ ഉപയോഗിക്കുന്നത് 230 വോൾട്ട് കറന്റാണെങ്കിൽ ഇലക്ട്രക്ക് ഈൽ ഉണ്ടാക്കുന്നത് 650 വോൾട്ട് കറന്റാണ്. ചില തിരണ്ടിമീനുകൾക്ക് വൈദ്യുതി ഉണ്ടാക്കാൻ കഴിയും. ഇരയെ പിടിക്കാനും ശത്രുക്കളിൽനിന്ന് രക്ഷപ്പെടാനുമാണവർ ഇത് ഉപയോഗിക്കുന്നത്.

**3.**എട്ടുകാലി : ലോകത്തിലെ ആദ്യത്തെ നെയ്ത്തുകാർ എട്ടുകാലികളാണ്. വല നെയ്യാൻ അവ ഉപയോഗിക്കുന്ന നൂലുകൾ ഓരോന്നും ഓരോ ഇഴകൾ ചേർന്നതാണ്. ഇതിൽ ഒരു ഇഴയ്ക്ക് 1/3000 മില്ലിമീറ്റർ മാത്രമേ വ്യാസമുണ്ടാകൂ. ഒരു എട്ടുകാലിക്ക് നാല് കിലോമീറ്റർ നീളത്തിൽ നൂലുണ്ടാക്കാൻ കഴിയും.

**4.**മൗലിഫൗൽ : പനിവന്നാൽ ശരീരത്തിന്റെ ഊഷ്മാവ് അളക്കാൻ

തെർമോമീറ്റർ വച്ച് നോക്കാറുണ്ട്. മൗലിഫൗൽ എന്ന ഈ പക്ഷി മുട്ടയിട്ട്
ശേഷം ചപ്പുചവറുകൾ അവയുമീതെ വച്ച് മുട്ടവിരിയാനാവശ്യമായ ചൂട് നൽകും. ഇടയ്ക്കിടക്ക് തന്റെ കൊക്ക് ചപ്പിനടിയിൽ വെച്ചി ചൂട് നോക്കിക്കൊണ്ടെയിരിക്കും. ചൂട് കൂടിയാൽ ചപ്പ് കുറച്ചും കുറഞ്ഞാൽ ചപ്പ് കൂട്ടുതൽ വച്ചു കൊടുക്കും.

**5.**പറക്കും അണ്ണാൻമാർ : പാരച്യൂട്ട് വിദ്യ നമുക്കു മുമ്പേ പരീക്ഷിച്ചവർ പറക്കും അണ്ണാൻമാരാണ്. ഇവയുടെ കൈകളും പാദങ്ങളും തമ്മിൽ ബന്ധിപ്പിക്കുന്ന ചർമ്മങ്ങൾ വിടർത്തി വായുവിലൂടെ തെനിപ്പറക്കുന്ന വിദ്യതന്നെയാണ് പാരച്യൂട്ട് വിദ്യയും. പ്രകൃതിയുടെ പാരച്യൂട്ടുകളാണെ-ല്ലോ അപ്പൂപ്പൻ താടികൾ.

**6.**ബീവർ : കാട്ടിലെ എൻജിനീയർമാർ എന്ന് അറിയപ്പെടുന്ന ബീവറുകൾ വലിയ മരങ്ങൾ കരണ്ടു മറിച്ച് പുഴകൾക്ക് കുറുകേയിട്ട് വെള്ളം തടഞ്ഞുനിർത്തി നിർമ്മിക്കുന്ന കൂടുകളാണ് നമ്മുടെ അണക്കെട്ടുകളുടെ മുൻഗാമികൾ.

**7.**ആർച്ചർ ഫിഷ് : തോക്കു വിദ്യ നമ്മളെ പഠിപ്പിച്ചത് ആർച്ചർ ഫിഷ് എന്ന വില്ലാളിമീനാണ്. വെള്ളത്തിലൂടെ നീന്തുന്ന ഇവയുടെ നോട്ടം എപ്പോഴും മുകളിലേക്കാരിക്കും. വെള്ളത്തിനു മുകളിലൂടെ ചെറിയജീവികൾ പറന്നുപോകുന്നതൊ ചെടിയിലിരിക്കുന്നതോ കണ്ടാൽ ഇവ വെള്ളത്തിന് മുകളിലേക്ക് വരുകയും വായിൽ വെള്ളം നിറച്ച് ജീവിക്കു നേരെ ചീറ്റുകയും ചെയ്യുന്നു. ശക്തിയിൽ ചീറ്റിവരുന്ന ജലധാര ജീവിയുടെ മേൽ ഊക്കോടെ പതിക്കുമ്പോൾ അവ വെള്ളത്തിൽ വീഴുന്നു. ആർച്ചർ ഫിഷ് അവയെ പിടികൂടി ഭക്ഷണമാക്കുന്നു.

അഫ്നാസ് . റ്റി സലീം 8 A

# ചുറ്റുവട്ടത്തെ ഔഷധച്ചെടികൾ.

1.മൈലാഞ്ചി

നൂറ്റാണ്ടുകളായി ഭാരയിതൻ ഉപയോഗിക്കുന്ന ചെടിയാണ് മൈലാഞ്ചി.മുടിക്ക് നിറം നൽകാനും തൊലിപ്പുറത്ത് ഉണ്ടാകുന്ന രോഗങ്ങൾ മാറ്റാനും മൈലാഞ്ചിക്ക് കഴിവുണ്ട്.ശാസ്ത്ര നാമം:ലോസോണിയ ഇനെർമിസ്

2.കറ്റാർവാഴ

അലോ വേര എന്ന ശാസ്ത്രനാമമുള്ള കറ്റാർവാഴ വയറ്റിലെ അസുഖങ്ങൾക്ക് മരുന്നായി ഉപോഗിക്കുന്നു.കന്നു കാലികൾക്കും ഈ ചെടി മരുന്നായി നൽകാറുണ്ട്.

3.തുമ്പ

മലയാളികൾക്ക്ഏറെ പരിചയമുള്ള ചെടിയാണ് തുമ്പ.തുറസ്സായ സ്ഥലങ്ങളിൽ കാട്ടുചെടിയായി തുമ്പ വളരുന്നു.ഈ ചെടിയുടെ ഇലയ്ക്കും പൂവിനുമെല്ലാം ഔഷധഗുണമുണ്ട്.ശാസ്ത്രനാമം:ല്യൂക്കാസ് അസ്പെര

4.തുളസി

ഒരുകാലത്ത് കേരളത്തിൽ എല്ലായിടത്തും വീട്ടുകളിലും തുളസിച്ചെടി വളർത്തിയിരുന്നു.വീട്ടുമുറ്റത്തെ വൈദ്യൻ എന്നാണ് ഇതിനെ വിളിക്കാറുണ്ട്.പനി,ചുമ,ജലദോഷം തുടങ്ങിയ രോഗങ്ങൾ ശമിപ്പിക്കാൻ തുളസിക്കുള്ള കഴിവ് ശാസ്ത്രീയമായി തെളിഞ്ഞട്ടുണ്ട്.ശാസ്ത്രനാമം:ഒസിമം സാങ്റ്റം ലിൻ.


സനില ജോസഫ് 9A

# വിത്ത്

ഒരു വിത്ത് മണ്ണിൽ ഒളിച്ചിരുന്നു.
മഴയൊന്നുതിർന്നു കുളിർത്തിരുന്നു.
ഒരു നാമ്പു പതിയെ കിളിർത്തു വന്നു.
തരളമാം തളിരുകൾ വളർന്നു വന്നു.
വേരുകൾ മണ്ണിൽ പടർന്നിരുന്നു.
ഇലകൾ ഏറെ കിളിർത്തു വന്നു.
മഞ്ഞുതുള്ളികൾ കുളിരേകിടുന്നു.
ഇളം വെയിൽ ചൂടു പകർന്നിടുന്നു.
ഒരു വിത്തു ചെടിയായി വളർന്നിടുന്നു.
ഒരു കൊച്ചു തെന്നൽ തലോടിടുന്നു.
നിലാവും പ്രകാശവും പകർന്നിടുന്നു.
ഒരു നാളൊരു കുഞ്ഞു മൊട്ടിടുന്നു.
പൂവായ് പതിയെ വിരിഞ്ഞിടുന്നു.
ഒരു ശലഭം എന്നിൽ പറന്നിരുന്നു.
ഒരു പാട്ടു നേരം കളിയാടിടുന്നു.
തേന്നുറ്റുവാൻ കിളികൾ വന്നിരുന്നു.
കാറ്റേറ്റു ചൂടേറ്റു രസിച്ചിടുന്നു.
ഒരു വിത്തു മണ്ണിൽ ഒളിച്ചിരുന്നു.
മഴവന്നു നനയാൻ ഒരുങ്ങി നിന്നു.
പുതുനാമ്പെടുക്കാൻകൊതിച്ചിടുന്നു

*Little kites , SJHS  Adakkathode*

# വിജയത്തിലേക്കുള്ള പടികൾ



ഒരു ഗ്രാമത്തിൽ ലീന എന്ന പെൺകുട്ടിയുണ്ടായിരുന്നു. അവൾ ജനിച്ച് ഒരു വയസ്സാകുന്നതിന് മുമ്പ് തന്നെ അവളുടെ അമ്മ മര-ണപ്പെട്ടു. പിന്നെ അച്ഛനായിരുന്നു അവളുടെ അച്ഛനും അമ്മയുമെല്ലാം. അച്ഛൻ അവളെ നല്ലതുപോലെ വളർത്തി. സൽസ്വഭാവിയും സത്യസന്ധ-യുമായി അവൾ ആ നാട്ടിൽ മാലാഖയെപ്പോലെ വളർന്നു. അങ്ങനെയിരിക്കെ ആ നാട്ടിൽ മാരകമായ രോഗം പടർന്നു. ആ അസുഖം ബാധിച്ച് അവളുടെ താങ്ങും തണലുമായഅച്ഛൻ കിടപ്പിലായി. നീ നല്ലതുപോലെ വളരണം എന്നും ചീത്ത കൂട്ടുകെട്ടിൽ പെടരുതെന്നും അച്ഛൻ മരണകിട-ക്കയിൽ അവളോട് പറഞ്ഞു. അതിനുശേഷം അച്ഛൻ അവളുടെ മടിയുൽ കിടന്ന് മരണപ്പെട്ടു. സങ്കടം സഹിച്ച് അവൾ ജീവിതം മുന്നോട്ടു നയിച്ചു. നാട്ടിലെ സാംസ്കാരിക സംഘടന അവളുടെ ജീവിത ചെലവുകൾ ഏറ്റെടു-ത്തു. പഠിക്കാൻ മിടുക്കിയായ അവൾക്ക് സ്കോളർഷിപ്പ് കിട്ടി. അങ്ങനെ അവൾ നന്നായി പഠിച്ച് ഉയരങ്ങളിലെത്തി. സ്കൂൾ അധ്യാപികയായി അവൾ ജോലിക്ക് കയറി.എല്ലാ കുട്ടികൾക്ക് അവളെ നല്ല ഇഷ്ടമായിരുന്നു. അങ്ങനെ വളരെ സംതൃപ്തിയോടെയും സന്തോഷത്തോ-ടയും ലീന ജീവിച്ചു. സത്യസന്ധതയും അർപ്പണബോധവും വിജയത്തി-ലേക്ക് ഉള്ളപടികളാണെന്ന് ലീനക്ക് മനസ്സിലായി. അതവൾ സ്കൂളിലെ കുട്ടികളോട് എപ്പോഴും പറയാറുണ്ട്.

അഫാനാസ് ടി. സലീം 8A

# നവകേരളം

നവകേരളമേ,നവചൈതന്യമേ,
ഉണരൂ കേരളഭൂമിക്കായി
ഉണരൂ സോദരരേ
ഉണരൂ സഹൃദരേ

ജാതിമതവർഗ്ഗങ്ങളില്ലാതെ
ഒത്തൊരുമിച്ച കേരളമേ,
പുതു കേരള സൃഷ്ടിക്കായി
നമുക്ക് ഒത്തൊരുമിച്ച്
കൈകോർക്കാം.......

പുതുജീവനായി വരൂ സോദരരേ
കേരളസൃഷ്ടിക്കായി,
നവകേരളചത്തിനു പുതുജീവൻ നല്കാം
വരൂ സ്നേഹിതരെ,ഒന്നായി
പ്രവർത്തിക്കാം വരൂ സ്നേഹിതരേ........

*Little kites , SJHS Adakkathode*




ജെറിൻ എം.ജെ.

9A

***Little kites , SJHS  Adakkathode***

# കർഷകന്റെ ഓർമ്മകൾ

എന്റെ നിലം പോയി എവിടേക്കൊ
അവിടേക്കിപ്പോഴന്റെ
മഴയും പോയിരിക്കുന്നു
വലയം ചെയ്യപ്പെടുന്ന കാർമേഘങ്ങൾ
അതിനുവേണ്ടി വളയുന്നു
കുയിലുകൾ പാടുന്നതിനുവേണ്ടി
അതിനായി ഉരുകുകയാണ്
ഭൂമിതൻ മാറിൽനിന്നും നനാർണ്ണമണ്ണിൻ
സുഗന്ധം
എനിക്കായി ഇപ്പോഴില്ലി
കലപ്പയും കാളകലും
വയലിൻ വരമ്പുകളും
ഒരു തണുത്ത തുള്ളിപോലും
തത്തകളും കുലങ്ങൾ നദികളും
ആതിര നക്ഷത്രവും
കഞ്ചരി മതഹംറവുമില്ലെനിക്കായ്
നിലമിത്തവർക്കായി
ആകാശവുമില്ലാ

ആരുഷി 8A

*Little kites , SJHS Adakkathode*



# മത്തങ്ങാക്കുരു

ഉണ്ണിക്കുട്ടനും മത്താങ്ങാക്കുരുവും കൂട്ടുകാരായിരുന്നു.ഉണ്ണിക്കുട്ടൻ മത്തങ്ങാക്കുരുവിന് പാട്ടും,കഥയും പറഞ്ഞു കൊടുക്കും.

ഒരു ദിവസം ഉണ്ണിക്കുട്ടൻ സ്കൂൾ വിട്ട് വരുമ്പോൾ മത്തങ്ങക്കുരുവിനെ കാണുന്നില്ല.അവൻ തൊടിനിറയെ കുഞ്ഞിക്കുരുവിനെ വിളിച്ചു നടന്നു.ഒരു ദിവസം അവൻ സങ്കടത്തോടെ ഉമ്മറത്തിരിക്കുമ്പോൾ തൊടിയിൽ നിന്ന് ഒരു ശബ്ദം ശ്ശ്......

ഉണ്ണിക്കുട്ടൻ ചുറ്റും നോക്കി.അവൻ താഴേക്കു നോക്കുമ്പോൾ ഒരു കുണിപ്പൊടി.

മത്തങ്ങാക്കുരു:ഇതു ഞാനാ ഉണ്ണി,നിന്റെ മത്തങ്ങാക്കുരു.ഞാൻ വളർന്ന് ചെടിയായി.

ഉണ്ണി:അതയോ?

ആകാംക്ഷകൊണ്ട് ഉണ്ണിക്കുട്ടന്റെ മുഖം വിടർന്നു.

ഉണ്ണി:ഹൊ ഞാൻ നിന്നെ എവിടെയൊക്കെ തിരക്കി?

ഉണ്ണഇക്കുട്ടന് സന്തോഷമായി.

പതിവുപോലെ അവനെന്നും മത്തങ്ങാച്ചെടിയോട് വിശേങ്ങൾ പറയാൻ തുടങ്ങി.ഉണ്ണിക്കുട്ടന്റെ സ്നേഹത്തിനു പകരമായി ഒരു ദിവസം മത്തങ്ങച്ചെടി ഒരു ഉഗ്രൻ സമ്മാനം നൽകി.എന്തെന്നോ?മുഴുത്തൊരു മത്തങ്ങ...

***Little kites , SJHS Adakkathode***

# ANOTHER CHANCE

*How of ten we wish for another chance*
*To make a fresh begining.*
*A chance to blot out our mistakes*
*And change failure into wishinig*

*It dose not take a new day*
*To make a brand new day*
*It only takes a deep desire*
*To try with all our heart*

*To live a little better*
*And to always be for giving*
*And to add a little sunshine*
*To the world in which  were*


*So never give up in despair*
*And think that you are through*
*For there's always a tomarrow*
*And the hope of starting new*

***Little kites , SJHS  Adakkathode***



അജിൻ ജൊൺസൺ

9A



ആർഷ റോസ് 8 B

*Little kites , SJHS  Adakkathode*



നന്ദന ശശി
9B

*Little kites , SJHS Adakkathode*

# മാതൃഭാഷ

മൊട്ടക്കുന്നുകളും പച്ചപരവതാനി വിരിച്ചുനിൽക്കുന്ന നെൽപ്പാടങ്ങളും തിരകളിൽ താളം തല്ലി പാട്ടുപാടി ഒഴുകുന്ന പുഴകളും കടലുകളും നിറഞ്ഞതാണ് നമ്മുടെ കേരളം.നമ്മുടെ കേരളം വിദേശികളുടെ പറുദീസയാണ്,ദൈവത്തിന്റെ സ്വന്തം നാടെന്നാണ് വിദേശികളുടെ മുഖ്യമായ ടൂറിസ്റ്റ് വിശേഷണം.അതിൽ നമ്മുടെ മാത്രഭാഷയ്ക്കും സ്ഥാനമുണ്ട്.വളരെ ലളിതവും മധുരമുള്ളതുമാണ് നമ്മുടെ മലയാളം.കേരള മണ്ണിൽ പിറന്നു വീഴുന്ന ഓരോ കുഞ്ഞും ആദ്യം ഉച്ചരിക്കുന്ന അമ്മ എന്ന പദം വളരെ മനോഹരമാണ്. കാലത്തിന്റെ കുത്തൊഴുക്കിൽപ്പെട്ട് പുതിയ പുതിയ കണ്ടുപിടിത്തങ്ങളും ആഘോഷങ്ങളുമായി സുഖലോലുപതകൾ ആവോളം ആസ്വദിക്കുമ്പോൾ നാം മലയാളത്തെ മറക്കുന്നു . മലയാളത്തിന്റെ പര്യായം ആയി ഇന്ന് ഇംഗ്ലീഷും ഹിന്ദിയും മാറി കഴിഞ്ഞിരിക്കുന്നു.......

# നന്ദി



സങ്കൽപ്പങ്ങൾ ചിറകടിച്ച് ഉയരുമ്പോൾ അതിന് നിറപ്പകിട്ടേകാൻ, കുരുന്നുമനസ്സുകൾക്ക് പ്രതീക്ഷകളുടെ തീനാളങ്ങൾ പകർന്നുനൽകാൻ നടത്തിയ ഈ എളിയ ഉദ്യമത്തിന് പ്രോത്സാഹനംതന്ന സുമനസ്സുകൾക്ക് നന്ദി അർപ്പിച്ചുകൊണ്ട്.... ഈ എളിയ സംരഭത്തെ നെഞ്ചോട് ചേർത്ത ഇതിന്റെ അണിയറ ശിൽപ്പികൾക്കും അധ്യാപക സുഹൃത്തുക്കൾക്കും നന്ദിയുടെ നറുമലർ സമർപ്പിച്ചുകൊണ്ട്, കുറ്റങ്ങളും കുറവുകളും ക്ഷമിക്കണമെന്ന അഭ്യർത്ഥനയോടെ ഒരിക്കൽകൂടി നന്ദി.........നന്ദി.......ഒരായിരം നന്ദി.




*Little kites , SJHS  Adakkathode*